ഉത്തരം

(എ) സഹബുൾ, S/o സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടും വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്നുണ്ട്.

(ബി) ഡീപോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽ തന്നെ പാർപ്പിച്ചിരിക്കുന്ന സഹബുൾ എന്ന തടവുകാരനെ ഡീപോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഡീപോർട്ടേഷൻ നടപടികളിൽ ഉണ്ടാകുന്ന കാലതാമസമല്ലാതെ മറ്റൊരു നിയമ തടസ്സവും ഇത്തരം തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ ഇല്ല.

ഇന്റർനെറ്റ് കേബിൾ മുറിച്ചു മാറ്റിയ കേസ്

240 (244) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇന്റർനെറ്റ് കേബിൾ രണ്ട് കിലോമീറ്റർ ദൂരത്തിലുള്ളത് മുറിച്ചുമാറ്റിയത് സംബന്ധിച്ച് 19-5-2015-ന് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കുറ്റകൃത്യം സംബന്ധിച്ച് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കേസിന്റെ ക്രൈം നമ്പർ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി പ്രകാരം കടയ്ക്കൽ പോലീസ് അന്വേഷണം നടത്തിയപ്പോൾ കേബിൾ മുറിച്ച് മാറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

ജനശ്രീ മിഷനിലെ സാമ്പത്തിക തട്ടിപ്പ്

241 (245) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജനശ്രീമിഷന്റെ നേതൃത്വത്തിൽ നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ പറ്റിയുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് ജനശ്രീമിഷന്റെ ഏതൊക്കെ ആഫീസുകളിൽ പോലീസ് റെയ്ഡ് നടത്തുകയുണ്ടായി ; എത്ര കോടി രൂപയുടെ തട്ടിപ്പുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റിയിൽ പ്രസ്തുത തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയായിരുന്നു; ആരെയെല്ലാം പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ടവരെത്ര ; ആരൊക്കെ : വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനശ്രീമിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 280/15 u/s 406, 420, 434 IPC & 13 &17 of the Kerala Money Lenders Act പ്രകാരമുള്ള കേസ് വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

(ബി) ഇതു സംബന്ധിച്ച് വെഞ്ഞാറമൂട് ജനശ്രീ സുസ്ഥിര വികസന മിഷൻ, നെല്ലനാട് മണ്ഡലം സഭാ ഓഫീസിൽ റെയ്ഡ് നടത്തുകയുണ്ടായി. എഴുപതോളം പേർ തട്ടിപ്പിനിരയായിട്ടുണ്ട്. 28 ലക്ഷം രൂപയുടെ തട്ടിപ്പുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റി സെക്രട്ടറിയായ പൊങ്ങൻവിള ചന്ദ്രൻ @ വിജയചന്ദ്രൻ നായർ ഒന്നാം പ്രതിയായും, ടി കമ്മിറ്റിയുടെ പ്രസിഡന്റായ വയ്യേറ്റ് ചന്ദ്രൻ എന്ന ചന്ദ്രശേഖരൻ നായർ എന്നയാളെ രണ്ടാം പ്രതിയായും രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി ഹൈക്കോടതി ജാമ്യത്തിലുമാണ്.

ആരാധനാലയങ്ങളിലെ മോഷണം

242 (246) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടി ; എത്ര എണ്ണത്തിൽ മോഷണ വസ്തു തിരികെ ലഭിച്ചു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം എത്ര ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly